## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.120 — 05.03.2018-ൽ മറുപടിക്ക്

**ആധാരം രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയതിനെത്തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.പി.ഉബൈദുള്ള** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ആധാരം രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയതിനെ തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ആധാരം രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയത് ചരിത്ര പ്രധാനമായ നേട്ടമാണ്. രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയതിനെ തുടർന്ന് താൽക്കാലികമായി NIC വഴി ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് പരിഹരിക്കുന്നതിന് സത്വര നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| ബി) രജിസ്ട്രേഷന് ആവശ്യമായ വിവരങ്ങൾ നൽകാനുള്ള പബ്ലിക് പേൾ സംവിധാനം ഇടയ്ക്കിടെ തടസ്സപ്പെടുന്നത് പരിഹരിക്കാൻ സത്വരനടപടി സ്വീകരിക്കുമോ; | ബി) പബ്ലിക് പേൾ സംവിധാനം ഇടയ്ക്കിടെ തടസ്സപ്പെടുന്നത് പരിഹരിക്കാൻ സത്വരനടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) സമയബന്ധിതമായി ആധാരങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ? | സി) നിലവിൽ ആധാര രജിസ്ട്രേഷനുള്ള തീയതിയും സമയവും മുൻകൂട്ടി നിശ്ചയിക്കുന്നതിനുള്ള സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ടാണ് പൊതുജനങ്ങൾ ആധാരങ്ങൾ രജിസ്ട്രേഷനായി ഹാജരാക്കുന്നത്. അപ്രകാരം ഹാജരാക്കുന്ന ആധാരങ്ങൾ സമയബന്ധിതമായി രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ